# വെളിച്ചം

കെ.പി.സി.എച്ച് .എസ്.എസ്.പട്ടാന്നൂർ

# ഉള്ളടക്കം


1. എന്റെ വിദ്യാലയം............................3
2. സ്ത്രീ എന്ന മഹാരത്നം.......................4
3. ഒലിച്ചു തീരുന്ന ചവിട്ടടിയിലെ മണ്ണ്.........5-6
4. ഇരുൾ പരപ്പിൻ ഏകാന്ത നിശയിൽ........7
5. കാത്തിരിപ്പ്..................................8
6. വൃദ്ധ മാതാക്കൾ തലമുറകളുടെ സമ്പത്ത് ...9
7. സഹനഭാരത്തിന്റെ കാത്തിരിപ്പ്...................10
8. ഒരിക്കൽക്കൂടി ..............................11
9. കൂട്ട്.........................................12
10. എത്ര സുന്ദരമെന്റെ കേരളം ...............13
11. തീരാനഷ്ടം ...........................................14
12.PHOTO GALLERY...............15-16

# എന്റെ വിദ്യാലയം

കൂടാളി ഗ്രാമപഞ്ചായത്തിലെ നായാട്ടുപാറയിലാണ് കെ പി സി ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1964 ൽ Ex. M.L.A അപ്പു മാസ്റ്ററാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 6 ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.8 മുതൽ 12 വരെ ക്ലാസ്സുകളിലായി 1800ൽ പരം കുട്ടികൾ പഠിക്കുന്നു.



# സ്ത്രി എന്ന മഹാരത്നം



നീല നിലാവൊളി നോക്കിയിരുന്നവൾ
കനവിന്റെ പാതയിൽ സഞ്ചരിച്ചു
സുന്തരപ്രഭ ചൂടുന്ന ആ രാത്രിയിൽ
അവളുടെ കണ്ണീര് താരശോഭയോടെ തിളങ്ങി
മംഗല്യം അവളെ കൊണ്ടെത്തിച്ചത്
ഒരു ഇരുളിന്റെ ലോകത്തായിരുന്നു.
പോയകാലത്തിന്റെ ഇരുൾവഴിയിലൂടവൾ
പാറിപ്പറന്നങ്ങ്   സഞ്ചരിച്ചു
കത്തിജ്വലിക്കുന്ന തീനാളമായവളെ
വെള്ളമായി വന്നവൻ കെട്ടണച്ചു
ഇരുളിമയാർന്ന അടുക്കളയിൽ നിന്നവൾ
കൂട്ടിലെ കിളി പോലെ ചിറകടിച്ചു
നാലു ചുവരിനുള്ളിൽ ഒതുങ്ങിയ അവൾ
ജീവിതം തന്നെ മറന്നു പോയി
അരുതേ അരുതേ എന്ന് കേണപേക്ഷിച്ചെങ്കിലും
കേൾക്കുവാൻ ആരും ഉണ്ടായില്ല
സ്ത്രീതൻ മാനം കാക്കേണ്ടവൾ
ഇന്ന് സ്ത്രീതൻ മാനം കളയുന്നു
ലോകം അംഗീകരിക്കുമെന്ന വിശ്വസത്താൽ
അവൾ എരിഞ്ഞടങ്ങുന്നു
കടലാസുകഷ്ണം പോലവൾ
അടിമയായി പുകഞ്ഞു തീരുന്നു

അമിഷ പി
8th H

# ഒലിച്ചു തീരുന്ന ചവിട്ടടിയിലെ മണ്ണ്



എടാ ... ഇനി ആ ഞാവൽ കാട്ടിൽ മരങ്ങൾ കൂടി വെട്ടിത്തീർത്താൽ നമ്മൾക്കവിടെ ഫ്ലാറ്റ് നിർമിക്കാം ".വേട്ടക്കാരും എൻജിനിർമാരും സംസാരിക്കുന്നതാണ് കേട്ട് പ്രാവ് പറന്നുയർന്നുകൊണ്ടു ഞാവൽക്കട്ടിലേക്ക് പോയി ."പക്ഷികളെ നമ്മുടെ ആകെയുള്ള വാസസ്ഥലം നശിക്കാൻ പോവുകയാണ് "പ്രാവ് പറന്ന്. ഞേ ,കവ്വായി കട്ടിൽ മരങ്ങൾ പോയപ്പോൾ മണ്ണും ഒളിച്ചുതിരുന്ന .അതുകൊണ്ടല്ലേ നമ്മൾ ഇവിടെ കൂടുകൂട്ടി നിൽക്കുന്നത് . ഇനി നമ്മൾ എവിടേക്ക് പോവും ,കുരുവി പറഞ്ഞു .

"ഇപ്പോൾ മരം വീട്ടുകാരും വേട്ടക്കാരും ആയുധങ്ങളെടുത്ത ഇവിടേക്ക് വരും ".പ്രാവ് കിതച്ചുകൊണ്ട് പറഞ്ഞു . 'വരൂ പക്ഷികളെ , നമ്മൾക്ക് ഇവിടം വിട്ട് മറ്റൊരിടം കണ്ടെത്തി പോവാം ."മൃഗങ്ങളോടും പറയാം ".അവർ കുഞ്ഞുങ്ങളേയും എടുത്ത് മൃഗങ്ങളുടെ അടുത്തേക്ക് പോയി .പ്രാവ് പറഞ്ഞു "മൃഗങ്ങളെ ജീവൻ വേണമെങ്കിൽ ഉടനടി ഇവിടെ നിന്ന് രക്ഷപ്പെടണം ."വേട്ടക്കാരും മരംവെട്ടുകാരും ഇപ്പോൾ ആയുധങ്ങളുമെടുത്ത ഇവിടേക്ക് വരും "മയിൽ വിശദീകരിച്ചു ."നിങ്ങൾക് ,നമുക്ക് പ്രതികരിക്കാം ".സിംഹം പറഞ്ഞു .അതെ നമ്മൾ ഇവിടെ മിണ്ടാതെ ഇരുന്നാൽ ഈ ഭൂമിയിൽ താമസിക്കാൻ ഒരിടം ഉണ്ടവില്ല . ഒരു തരി മണ്ണ് പോലും , തേനീച്ച പറഞ്ഞു . "എങ്ങനെ പ്രതികരിക്കും "കുയിൽ കരഞ്ഞുകൊണ്ട് പറഞ്ഞു .

"നമ്മൾക്കു മനുഷ്യരെ ആക്രമിക്കാൻ ". പുലി പറഞ്ഞു ."അതെ ഈ മരങ്ങൾ വെട്ടിക്കളഞ്ഞാൽ ഈ കുന്നിൻ മുകളിൽ ഉള്ള ഇത്തിരി മണ്ണുപോലും നമ്മുക് നഷ്ടപ്പെടും "പറവ പറഞ്ഞു "അതെ നമ്മൾക്ക് വേണ്ടേ വാസസ്ഥലം ".ഒരു മരം പോലും മനുഷ്യർ നമ്മുക്ക് തരില്ല ". "ഇതിനെതിരെ നമ്മൾ പ്രതികരിക്കണം "ഇല്ലെങ്കിൽ നമ്മൾക്കു ജീവിക്കാൻ എടമുണ്ടാവില്ല ".പ്രാവ് പറന്നുയർന്നുകൊണ്ട് ചുറ്റും നിരീക്ഷിക്കാൻ തുടങ്ങി .ഉടനെത്തന്നെ മൃഗഞ്ഞളുടെയും പക്ഷികളുടെയും അടുത്ത

പോയികൊണ്ട് കിതച്ചു പറഞ്ഞു . നിങ്ങൾ റെഡി ആയിക്കോളൂ ...അവർ വരുന്നുണ്ട് .പരുന്ത് മരത്തിനുമുകളിൽ കയറി .പുളിയും സിംഹവും കടുവയും ഉന്മേഷത്തോടെ കാടിന്റെ അറ്റത്തക്ക പോയി .മനുഷ്യൻ കട്ടിലോട്ട് കയറേലോട് ക്രൂടി .പരുന്ത് തലക്ക് ഒരു കുത്ത് .ഉടനടി എല്ലാ മൃഗഞ്ഞാലും അവരുടെ അടുത്തേക്ക്ണ് ഓടി ആക്രമിക്കാൻ തുടഞ്ഞിയതുക്രൂടി അവർ ഓടി കാടിന്റർ പുറത്തേക്ക് പോയി .അവരിലൊരാൾ പറഞ്ഞു "ഇവരെ നമ്മുക്കൊതുക്കാൻ ആവില്ല ,തീയിടണം ,ഇത് കേട്ട മൃഗങ്ങൾ പരിഭ്രാന്തരായ് . നമ്മുക്ക് അടുത്തുള്ള കുളത്തിലേക്ക് പോവാം .പക്ഷെ ,നമ്മുക് കാട് നഷ്ട്ട പെടില്ലേ ".കുരുവി പറഞ്ഞു .അത് സാരമില്ല നമുക്ക് ജീവൻ നഷ്ടപ്പെടാതെ നോക്കാം .ഈ മരങ്ങൾ പോയാൽ ജീവനും പോവും "."ദൈവമേ ....ഇപ്പോൾ ഒരു മഴപെയ്തൽമതിയായിരുന്നു ".എല്ലാ മൃഗങ്ങളും പ്രാർത്ഥിക്കാൻ തുടങ്ങി ദൈവം ആരുടെ പ്രാർത്ഥന കേട്ടില്ല എന്നത് കാരണം അവർ കുളത്തിന്റെ അരികിലേക്ക് പോകാൻ തുടങ്ങി. അവർ സങ്കടം കൊണ്ട് കരയാൻ തുടങ്ങി കരയല്ലേ എങ്ങനെയെങ്കിലും രക്ഷപെടാൻ ശ്രമിക്കാം. പ്രാവ് സമാധാനിപ്പിച്ചു . അവർ കുളക്കരയിൽ എത്തി . അവർ താഴ്ന്ന വെള്ളമുള്ളയിടത് ഇറങ്ങി . അവസാനം വേട്ടക്കാർ മരങ്ങൾക് തീയിട്ടു മരങ്ങൾ നശിപ്പിച്ചു .മൃഗങ്ങൾ കുളക്കരയിലേക്കിറങ്ങി . അവസാനം മഴ പെയ്തു മൃഗങ്ങൾ മറ്റൊരു കാടു തേടി ഇറങ്ങി .മഴ കാരണം മരങ്ങളില്ലാത്ത മണ്ണെല്ലാം ഒലിച്ചു പോയി . മൃഗങ്ങളും പക്ഷികളും വിതുമ്പിക്കരഞ്ഞുകൊണ്ട് മറ്റൊരിടത്തേക്ക് യാത്രയായി .

വാസസ്ഥാലം നശിച്ചു .മരങ്ങൾ നശിച്ചു .അതുകാരണം മണ്ണും നശിച്ചു .എല്ലാം നശിച്ചു .മനുഷ്യർ മാത്രം

# ഇരുൾ പരപ്പിൻ ഏകാന്ത നിശയിൽ

കത്തിയെരിയുന്ന ജീവന്റെ ചൂടിൽ
കടിച്ചമർത്തുക യാതനതൻ നഷ്ടസ്വപ്നം
കാലവ്യൂഹത്തിൽ തിങ്കൾക്കലത്തിൽ
ഗതിമാറിയൊഴുകുന്ന പുഴപോൽ നാം
അമ്മ നുകർന്നാദ്യക്ഷരത്തിന് നിറവുറ്റ മാധുര്യം
നെഞ്ചിലേറ്റി നാം ....
കത്തിയമരുന്ന ജീവന്റെ ഇരുൾപ്പരപ്പിൽ
കുളിരേകിയെത്തും നിഴൽകാറ്റുമായി...
കണ്ണീരിനോളങ്ങൾ നനവാർന്ന ശീലയായി
നെഞ്ചിലേറ്റി നാം....
ബാല്യം പകുത്തോരു സ്വപ്നവീചിതൻ
ബന്ധത്തിൻ കണ്ണിമയിൽ ഒരുതുള്ളി കണ്ണീര്
പകരംവെയ്ക്കാനാവാതെ ഏകയായി ഞാൻ
മാറിടുന്നു
കാലവ്യൂഹത്തിൻ തൽപങ്ങളിൽ വിധിയുടെ
നീചകാൽപ്പാടുകൾ ജീവന്റെ കോളിൽ
ഹാ കഷ്ടം ! മണ്ണോടുമണ്ണ് ചേരുംമെൻ ജീവൻ
സ്വയം ജീവച്ഛവമായി മാറിയല്ലോ.. നീ മാറ്റിയല്ലേ
തോരാമഴയിലും തോൽവിയുടെ വാഹിനി എൻ
ജീവിതം
ജീവന്റെ പുകകൾ പുകഞ്ഞു തീരുന്നു...
ഏകാന്തരാവിൻ വിദൂരതയിൽ ഈ സ്വപ്നരാജ്യം
മരമഞ്ചലിലേറിയെത്താം സ്വർഗത്തിൻ
സുന്ദരനിമിഷത്തിൻ പുതുരാമഴയിൽ
ഇരുളുറ്റ രാവിൻ മടിത്തട്ടിൻ താഴിൽ
ഉരുകി നാം യാതനകൾ
പകരമായി നൽകാനിനിയില്ല കണ്ണീര് എന്നാൽ
ഇനിയെത്ര കാലം ഈ മണ്ണിലിനി നാം
ചിറകറ്റ വീണ പക്ഷിയെപ്പോൽ നാം
ശോഷിച്ച ശുഷ്കിച്ച പോയതല്ലോ...
മനസ്സിന്റെ നീറ്റലിൽ കണ്ണീര് മാത്രമായി
കത്തിയമരുന്ന ഇരുൾപ്പരപ്പിൽ എങ്ങുമേ
ഏകയായി ഏകയായി ഞാൻ മാറിതല്ലോ
ഏകയായി ഏകയായി ഞാൻ മാറിതല്ലോ ....

ദേവിക .കെ

# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ നിന്നെയും
നോക്കി ആ വാകമരത്തിൻ
ചുവട്ടിൽത്തന്നെ ......
ഹൃദയത്തുടിപ്പുകൾ നിന്നെയും നോക്കി
നെടുവീർപ്പിട്ടുന്നയാൾ ഏകനായ് .....
ബാല്യകാലത്തെ സ്മരണകളില്ലെപ്പോഴും
നിന്റെയീ ഓർമകൾ എന്നുമാത്രം ........
പ്രാണന്റെ പിന്നിലായ് ഓർമകൾ
തൂവൽ കൊണ്ടാരോ കുറിച്ചിട്ട കവിത
പലവേളയകതാരിൻ പഴയ സാരംഗിയിൽ
നിന്നെയും കത്ത് ഞാൻ നിൽക്കേ .......
കളിമണ്ണുകൊണ്ടൊരു കളിവീടുവച്ചപ്പോൾ
നീ വരും ഈന്നൊരു ചിന്തയിൽ ഞാൻ
കാത്തിരിപ്പൂ ..... കാത്തിരിപ്പൂ .....
കാത്തിരിക്കുന്നു ഞാൻ എപ്പൊഴും
നിന്നെ ...........


സ്വാതി എം

8thH



# വൃദ്ധ മാതാക്കൾ തലമുറകളുടെ സമ്പത്ത്

വൃദ്ധ ജനങ്ങളുടെ അനാഥത്വം വർധിച്ചു കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടേണ്ട ഒന്നുതന്നെയാണ് വൃദ്ധ ജനങ്ങളുടെ കഷ്ടതകളും ദുരിതങ്ങളും നാം അറിയേണ്ടതുണ്ട് ഓരോ നിമിഷവും കണ്ണീരു നീരാക്കി ജീവിക്കുകയാണവർ . വൃദ്ധജനങ്ങളും ഈ ഭൂമിയിൽ ആവശ്യമാണ് . ഓരോ തലമുറയും അവരിൽ നിന്നാണ് രൂപപ്പെടുന്നത് . വൃദ്ധസദനങ്ങൾ വർധിച്ചുകൊണ്ടിരിക്കുമ്പോൾ വൃദ്ധജനങ്ങൾ അനാഥമാകുന്നതിന്റെ എണ്ണവും വർധിക്കുന്നു. വൃദ്ധരായ അമ്മമാരെയും അച്ചന്മാരെയും മക്കൾ വഴിയോരങ്ങളിൽ ഉപേക്ഷിപോകുന്ന കാഴ്ചകളും ഇന്ന് സർവസാധാരണമാണ് . പത്തു മാസം ചുമന്നു നടന്ന നൊന്തുപെറ്റ അമ്മമാരുടെയും നെഞ്ചിന്റെ ചൂടിൽ മക്കളെ ഉറക്കിയ അച്ചന്മാരുടെയും കണ്ണുനീർ മക്കളറിയാതെ പോകുന്ന നിമിഷങ്ങളാണവ



മാതാപിതാക്കൾ രാവുപകലെന്നപോലെ അധ്വാനിച്ച് മക്കൾക്ക് ഇഷ്ടമുള്ളതെന്തും വാങ്ങിക്കൊടുത്തും ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുമ്പോൾ , അവർ അവരുടെ അവസാന നാളുകളിലും മക്കൾക്കായി അവരുടെ ഉന്നതി ആഗ്രഹിക്കുകയും ചെയ്യുന്നു . എന്നാൽ മക്കൾ സ്വന്തം കാര്യങ്ങളും ജോലിയും നോക്കി തിരക്ക് പിടിച്ച ജീവിതം നയിക്കുന്നു. വൃദ്ധരുടെ അനാഥത്വം ഇനി ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട് . വൃദ്ധജനങ്ങൾ ഒരു ഭാവി തലമുറയുടെ സമ്പത്ത് ആണ് അവരില്ലെങ്കിൽ നാമും ഈ ഭൂമിയിൽ ഉണ്ടാകില്ല എന്ന് നാം തിരിച്ചറിയണം . അവർ അനുഭവിക്കുന്ന ദുരിതങ്ങൾ നാം വേണം തിരിച്ചറിഞ്ഞു പരിഹരിക്കാൻ .അവരുടെ ഉന്നമനത്തിനായി നാം പ്രവർത്തിക്കണം .അവരെ വഴിയോരങ്ങളിൽ ഉപേക്ഷിക്കാൻ പാടില്ലെന്ന് നമ്മൾ തിരിച്ചറിയണം . എല്ലാവരും ഇന്ന് ജീവിക്കുന്നത് തിരക്ക് പിടിച്ച ലോകത്താണ് . ജോലിക്കായി നഗരങ്ങളിൽ താമസിക്കുന്നവർ , പഠിക്കാനായി വിദേശത്തു പോകുന്നവർ . ഇവരൊക്കെ നാട്ടിൽ അവരുടെ അച്ഛനും അമ്മയ്ക്കും എങ്ങനെയുണ്ട് എന്നുപോലും അന്വേഷിക്കുന്നില്ല . അവരാണെങ്കിൽ അവരുടെ മക്കൾക്ക് എങ്ങനെയുണ്ട് . എന്തുപറ്റി എന്നൊക്കെ ആലോചിച്ച അവരുടെ വിളികൾക്കായി കാത്ത് നിൽക്കുകയാണ് . വൃദ്ധമാതാപിതാക്കൾക്കൊപ്പം ഇത്തിരി നേരം ചെലവഴിക്കാനും ആരും മെനക്കെടുന്നില്ല . എല്ലാവരും മൊബൈൽഫോണും ലാപ്ടോപ്പുമൊക്കെയായി ആധുനികകാലത്തിൽ ജീവിക്കുന്നവരാണ് . മാതാപിതാക്കളുടെ ഒറ്റപ്പെടൽ ഇല്ലാതാക്കാനാണ് ഇപ്പോൾ വൃദ്ധസദനങ്ങൾ വന്നിരിക്കുന്നത് . വൃദ്ധസദനങ്ങളിലാണെങ്കിൽപോലും തന്റെ മക്കൾ വരുമെന്ന പ്രതീക്ഷയിലാണ് ഓരോ മാതാപിതാക്കളും കഴിയുന്നത് .


പൂജാലക്ഷ്മി .കെ .കെ

# സഹനഭാരത്തിന്റെ കാത്തിരിപ്പ്

സഹനഭാരത്തിന്റെ കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ ഒരു മഴ
പെയ്യുവാൻ
നീറി നീറി  കരയുന്നവളുടെ ആരവം
പാരിലാകെ മുഴങ്ങീടട്ടെ
ചുടുചോര വറ്റിവരണ്ടുപോയി
ക്രൂരിരുൾ നീക്കി വരണമവൾ
പാരിൽ വിതരണം സ്നേഹങ്ങളായി
വെയിലിന്റെ താപത്താൽ ചുട്ടെരിക്കുന്നോരെൻ
ജീവിതം വെള്ളമായി നിറയേണമേ
ത്യാഗത്തിൽ സഹനത്തിൽ തോണിയിൽ
കരിങ്കടൽ തുഴയുന്ന
എന്റെ ജീവിതം സൗഖ്യമായി
മാറ്റേണമേ .....മാറ്റേണമേ...
ഈ താപത്തിൽ നിന്നെൻ
ജീവിതം ആമോദ
പടികൾ കയറ്റണമേ ....
മഴയയേ സ്നേഹമായി പെയ്യേണമേ
താങ്ങായി നിൽകേണമേ
തണലായി നിൽക്കേണമേ
സഹനവും ത്യാഗവും വെയിലിന്റെ
രശ്മികളാൽ വന്നേൽക്കുമ്പോൾ
കുളിർമയേകി നീ പെയ്യേണമേ
പെയ്യേണമേ......പെയ്യേണമേ.....
ഞാൻ കാത്തിരിക്കും ...

കൃഷ്ണപ്രിയ.ഇ.വി
8th-H




# ഒരിക്കൽക്കൂടി

ഭൂമിയെ നനയിപ്പിച്ച തൻ ബാല്യം തൊട്ട് കളിച്ചുവളന്ന സ്വർഗം പോലെയുള്ള ആ നാലുകെട്ട് ഇന്ന് ക്ഷയിച്ചിരിക്കുന്നു ആ വീട്ടിൽ ഇപ്പോൾ ആൾതാമസമില്ല . തന്റെ അച്ഛനും അമ്മയും എവിടെയാണെന്നുകൂടി അയാൾക്കറിയില്ല അപ്പോൾ അതിലൂടെ അയൽക്കാരനായ ഗോപാലേട്ടൻ പോകുന്നത് കണ്ടു . ഗോപാലേട്ടൻ ഇന്ന് നാ ബാധിച്ച കാലുകളും കൈകളും ചുക്കിച്ചുളിഞ്ഞതനു അയാൾ ഇപ്പോൾ നടക്കുന്നത് .പണ്ട് ഒരു മാനിനെ പോലെ അങ്ങും ഇങ്ങും ഓടിനടന്നു കഴിഞ്ഞിരുന്ന ആ മനുഷ്യൻ അയാളുടെ അവസാനനാളുകളെണ്ണുകയാണ് .

അയാൾ ഗോപാലേട്ടനോട് ചോദിച്ച ഗോപാലേട്ട എന്നെ മനസ്സിലായോ ??. ആ വൃദ്ധൻ കണ്ണുകൾ ഒന്ന് വിടർത്തി നോക്കിയിട്ട് ചോദിച്ചു , "ഹരാ അത് ??". അയാൾ പറഞ്ഞു "ഞാനാ മനു .." . "ഏത് മനു ??" . ഈ വീട്ടിൽ ആദ്യമുണ്ടായിരുന്ന ഭാസ്കരൻ നമ്പൂതിരിയുടെ മകൻ മനു . ആ വൃദ്ധന്റെ കണ്ണുകൾ നിറയുന്നത് അയാൾ ശ്രദ്ധിച്ചു "ങേ മനു !!!!" എന്തൊക്കെയാ മോനെ വിശേഷം ? എത്രനാളായി കണ്ടിട്ട്?. അയാൾ പറഞ്ഞു ജോപാലേട്ടാ ... സുഖം തന്നെ ..." അച്ഛനും അമ്മയും ഒക്കെ എവിടെയാ ഇപ്പോൾ ? ". ആ വൃദ്ധൻ മൗനമായി നിന്നു . എന്നിട്ട് പറഞ്ഞു "അവരിപ്പോൾ ജീവിച്ചിരിപ്പില്ല .. , മരിച്ചിട്ട് എത്ര വർഷമായി ..."

അയാൾ ഇടിവെട്ടേറ്റതുപോലെ നിന്നു . തന്റെ അച്ഛനെയും അമ്മയെയും അവസാനനാളിൽ ഒന്നു കാണാൻ പോലും കഴിയാതെ തൻ എന്തുമകനാണെന്ന് അയാൾ ചിന്തിച്ചു . ആ വീട്ടുപടിക്കൽ പോലും കേറാതെ അയാൾ നിസ്സഹായനായി . അയാൾ തിരക്കുപിടിച്ച ലോകത്തേക്കു മടങ്ങി .......







# കൂട്ട്

പിരിയാതെ ഇടയാതെ  വിള്ളലുകളില്ലാത്ത
സൗഹൃദമെങ്ങുപോയി ദൂരെ
തുണയായി നിഴലായ് കൂടപ്പിറപ്പിനെ
തോൽക്കുന്നതാണൊരാ ബന്ധം
ജീവിതയാത്രാതൻ തീരങ്ങളിൽ വച്ച്
ഇരുവഴിതുഴഞ്ഞില്ലേ നമ്മൾ
മനസ്സിന്റെ കോണിൽ മായാത്ത ചിരിയുമായി
ഓർത്തിരിക്കുന്നു ഞാൻ നിന്നെ
നിന്നെ തിരിഞ്ഞുനോക്കില്ലെന്ന് ഞാൻ പണ്ട് ,
കളിയായി പറഞ്ഞതോർക്കുന്നുണ്ടോ
വെറുതായെയണെങ്കിലും അന്ന്
ചൊന്നതോർത്ത്
നീറുന്നു എൻ മനം ഏറെ ....
എവിടെയെന്നറിയാതെ
എങ്ങനെയെന്നറിയാതെ
എത്ര കാതം താണ്ടിടേണം
എന്നെങ്കിലും നിന്നെ കാണുന്നത് വരെ
ഏകാകിയായീ ഇരുളിൽ ....
ആ സുദിനത്തിനായെങ്കിലുമീ ഭൂവിൽ
ജീവിക്കണം ഏകയായി

-സഫ മറിയം
8th E



# എത്ര സുന്ദരമെന്റെ കേരളം

എത്ര സുന്ദരമെത്ര സുന്ദരമെന്റെ കേരളം
കാടും പുഴയും നിറഞ്ഞ കേരളം
ഹരിതവർണവിഭൂഷിതയായി നില്കുമെൻ നാട്
എത്ര സുന്ദരമെത്ര സുന്ദരമെന്റെ കേരളം
ജാലകണികകാലാനുസൃതമായി ഒഴുകുനേരം
നിന്റെ സൗന്ദര്യം പറയാതെ വയ്യ
കാലചക്രം അനുസൃസ്ത്തമായി ഒഴുകുന്നു
നിന്നിലോരോ മാറ്റങ്ങൾ നാം കാണുന്നു
മണിമുത്തുപോലെ നീ കഴിഞ്ഞതല്ലേ
ഇപ്പോളെത്രയെത്ര ശോഷണീയം നിൻ ജീവിതം
മനുഷ്യന്മാരുടെ ദുഷ്ടപ്രവർത്തിപോലാണോ
നിന്റെ ജീവിതമിതിന് വഴിതെളിച്ചു
പക്ഷികൾ ആനന്ദപൂർവമായി
പാറിക്കളിച്ചൊരു കുഞ്ഞുനാട്
ഇന്നതാ ആ കളിസ്ഥലത്തിൽ
മരണത്തിൽ പുകനീർഒഴുക്കി പറന്നീടുന്നു
ഇത്രയും ക്ഷണികമോ നിൻ ജീവിതം
എവരും ഇങ്ങനെ ക്ഷണികമല്ലോ
സുന്ദര പ്രപഞ്ചത്തിൽ ചിറകിലേറി
ക്ഷണികമീ ജീവിതമാസ്വദിക്കു.

ആദിലക്ഷ്മി.പി
8th H



# തീരാനഷ്ടം

രാമനുണ്ണി നായരുടെ 70 ആം പിറന്നാൾ ആണ് ഇന്ന് . മക്കളും മരുമക്കളും പേരക്കുട്ടികളും സഹോദരങ്ങളും ചേർന്ന് പിറന്നാൾ കെങ്കേമമാക്കി . പിറന്നാൾ ഒക്കെ കഴിഞ്ഞ് എല്ലാവരും പോകാൻ തയ്യാറാകുമ്പോഴാണ് മക്കളിൽ ഒരാൾ വന്നു പറഞ്ഞത് . "അച്ഛാ .. ഞങ്ങടെ പേരിൽ ഈ വീടും പറമ്പും എഴുതി തരണം ". "എന്തിനാണ് ഇത്രപെട്ടെന്ന് ഇതൊക്കെ ആലോചിക്കുന്നത് ". "അല്ല അച്ഛാ ഈ സ്ഥലം ഒരു റിസോട്ട് ഏറ്റെടുക്കാൻ എന്റെ സുഹൃത്ത് എന്നോട് ആവശ്യപ്പെട്ടിരുന്നു  വലിയ തുക നൽകാം എന്നും പറഞ്ഞിട്ടുണ്ട്". എല്ലാവരും പണം എന്ന് കേട്ടപ്പോൾ സമ്മതിച്ചു . പക്ഷെ ഞാൻ പറഞ്ഞു ."മോനെ .. നിന്റെ 'അമ്മ ഉറങ്ങണ മണ്ണാണ് ഇത് ഈ മണ്ണിൽ തന്നെ വേണോ നിന്റെ ആവശ്യം. ഇല്ല ഈ മണ്ണ് ഞാൻ ആർക്കും തരാൻ ഉദ്ദേശിക്കുന്നില്ല ". "ആഹാ എത്രന്ന് വച്ചാ ഈ മണ്ണും കെട്ടിപ്പിടിച്ചിരിക്കുക ". "എന്റെ മരണം വരെ ഞാൻ ഈ മണ്ണ് സംരക്ഷിക്കും . കാരണം ഇത് എന്റെ സാവിത്രി ഉറങ്ങുന്ന മണ്ണാണ് , ഇത് ഞാൻ കൈവിടില്ല . ഈ മണ്ണിൽ നില്ക്കാൻ താത്പര്യം ഇല്ലാത്തവർക്ക് ഈ വീടുവിട്ടിറങ്ങാം ". അങ്ങനെ എല്ലാവരും പോയി ഞാനും എന്റെ ഉണ്ണിക്കുട്ടിയും മാത്രമായ് . അങ്ങനെ ഒരിക്കൽ തളർവാദം ബാധിച്ച് ഞാൻ കിടപ്പിലായി . മക്കൾ ഓരോരുത്തരായി വന്നു പറഞ്ഞു "ഇത്രയും നാളും സംരക്ഷിച്ചിരുന്ന ഈ മണ്ണ് തകരാൻപോകുകയാണ് " . എന്റെ ഹൃദയം പിടഞ്ഞു . ഞാൻ പറഞ്ഞു "മക്കളെ വേണ്ട നിങ്ങളുടെ അമ്മ ഉറങ്ങുന്ന മണ്ണാണ് " പക്ഷെ അതൊന്നും വിലവെക്കാതെ അവർ ഇറങ്ങിപ്പോയി .1 ,2,3 മാസങ്ങൾ കടന്നു പോയി മക്കൾ തിരിഞ്ഞു നോക്കിപോലുമില്ല . എന്റെ ഹൃദയം ഓരോ നിമിഷവും പിടഞ്ഞുകൊണ്ടിരുനന്നു . അങ്ങനെ എന്റെ സാവിത്രി മരണപ്പെട്ട ദിവസം വന്നെത്തി അന്നുതന്നെ മക്കളും വന്നു . "അച്ഛാ അച്ഛൻ എന്നോട് ക്ഷമിക്കണം എനിക്ക് സ്വത്തും പണവും ഒന്നും വേണ്ട എനിക്ക് എന്റെ അച്ഛനെയും 'അമ്മ ഉറങ്ങുന്ന മണ്ണും മതി ". ഞാൻ ആശ്ചര്യത്തോടെ ചോദിച്ചു "മകനെ നിനക്ക് എന്താണ് പറ്റിയത് ?". "അച്ഛാ എനിക്ക്  കുഞ്ഞുണ്ടായതിനു ശേഷമാണു ഒരു അച്ഛന്റെ നെഞ്ചിലെ വേദന മനസിലായത് ". "മകനെ നീ ജീവിതത്തിൽ ജയിച്ചു". അങ്ങനെ നിൽക്കുന്ന സമയമാണ് അതിശക്തമായ മഴ പെയ്യുത് . 3  ദിവസങ്ങളിലായി അതിശക്തമായി മഴ പെയ്തു. കടലിൽ ന്യൂനമർദ്ദം  രൂപപ്പെട്ടു . അങ്ങനെ എന്റെ വീട്ടിലും വെള്ളം കയറി . ഞങ്ങളെയെല്ലാം രക്ഷപ്പെടുത്തി .  പക്ഷെ എന്റെ വീടും എന്റെ സാവിത്രി ഉറങ്ങുന്ന മണ്ണും ഒലിച്ചുപോയി . അതുകൊണ്ടാണ് പറയുന്നത് എല്ലാ കാലത്തും നമുക്ക്  എല്ലാം പിടിച്ചുവെക്കാൻ കഴിയില്ല എന്ന് .



സാധിക സുരേഷ്
8th I

# PHOTO GALLERY


















LITTLE KITES
SUB-DISTRICT LEVEL CAMP
WINNERS
ADIDEV C
9B
ASHIN PP
9B
DHYAN KRISHNA
9B
Congratulations
KPCHSS PATTANUR